**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4471** **01-07-2024 - ൽ മറുപടിയ്ക്ക്**

**കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർദ്ധിപ്പിക്കാൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ കയറ്റുമതിയും ആഭ്യന്തര വിപണിയും വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | ആഭ്യന്തര വിപണിയിൽ പരമ്പരാഗത ഉൽപ്പന്നങ്ങളുടെ വിപണനം ലക്ഷ്യമിട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, മറ്റ് സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവ വഴി "കയറിനൊപ്പം പ്രകൃതിക്കൊപ്പം" എന്ന പേരിൽ കേരളമാകെ കയറുല്പന്നങ്ങൾ വിപണനം ചെയ്യുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.<br><br>കൂടാതെ കേരളത്തിലെ പ്രമുഖ പരമ്പരാഗത വ്യവസായ സ്ഥാപനങ്ങളുമായി ചേർന്ന് ഇവരുടെ ഉല്പന്നങ്ങൾ ആകർഷകമായ കോമ്പോ പാക്കുകളായി വിപണിയിലെത്തിക്കുന്നതിനുള്ള പദ്ധതി കയർ കോർപറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കയർ ഭൂവസ്ത്രത്തിന്റെ ആഭ്യന്തര വിപണനവുമായി ബന്ധപ്പെട്ട ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കയർ ഭൂവസ്ത്ര വിതരണം കയർ കോർപറേഷൻ, കയർഫെഡ്, ഫോമിൽ എന്നീ സ്ഥാപനങ്ങൾ മുഖാന്തിരം കാര്യക്ഷമമായി നടപ്പിലാക്കാൻ സാധിച്ചു. കൂടുതൽ പഞ്ചായത്തുകളിലേക്ക് ഭൂവസ്ത്ര വിതരണം വ്യാപിപ്പിക്കുന്നതിനും പ്രകൃതിയോട് ഏറ്റവും ഇണങ്ങുന്ന രീതിയിലുള്ള ഭൂവസ്ത്രത്തിന്റെ ഉപയോഗ സാധ്യതകൾ ത്രിതല പഞ്ചായത്തുകളിലെ ഉദ്യോഗസ്ഥരിലേക്ക് എത്തിക്കുന്നതിനുമായി കയർ വികസന വകുപ്പിന്റെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലേയും പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷം സെമിനാറുകൾ സംഘടിപ്പിച്ചിരുന്നു.<br><br>ഒഡീഷയിലെ അയൺ ഓർ മൈനിംഗ് സ്ഥാപനവുമായി കയർ ഭൂവസ്ത്രവിതാനം ഒരു പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് ധാരണയാകുകയും 50 ലക്ഷം രൂപയുടെ ഒരു പൈലറ്റ് പ്രോജക്ട് |

| | | | |
|---|---|---|---|
| | | | പൂർത്തീകരിക്കുകയും ചെയ്തു. കൂടാതെ ഒഡീഷ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒഡീഷ മൈനിംഗ് കോർപറേഷന്റെ ഏകദേശം 6 ഹെക്ടർ വിസ്തീർണ്ണമുള്ള മൈനുകളിൽ ഭൂവസ്ത്രവിതാനം ചെയ്യുന്നതിനുള്ള ഒരു പൈലറ്റ് പ്രോജക്ട് കയർ കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കണ്ണൂർ ജില്ലാ പഞ്ചായത്തുമായി ചേർന്ന് അഞ്ചരക്കണ്ടിപ്പുഴയോരം ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷിക്കുന്ന പദ്ധതി കയർഫെഡ് നടപ്പിലാക്കിയിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന റീട്ടെയിൽ ചെയിൻ നെറ്റ്വർക്കുകളുള്ള സ്ഥാപനങ്ങളും മറ്റു മാളുകളുമായി കരാറിലേർപ്പെട്ടുകയും അവർ മുഖേന ഉൽപ്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ കേരള സംസ്ഥാന കയർ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>കയറ്റുമതി രംഗത്ത് ക്രയവില സ്ഥിരതാ പദ്ധതി വഴി ഉണ്ടാക്കുന്ന വിറ്റുവരവ് കൂടാതെ കയർ കോർപറേഷൻ നേരിട്ട് യു.എസ്.എ ഉൾപ്പെടെ പത്തോളം വിദേശ രാജ്യങ്ങളിലേക്ക് കയറുല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നുണ്ട്.<br><br>പ്രമുഖ ബഹുരാഷ്ട്ര വ്യാപാര സ്ഥാപനമായ വാൾമാർട്ടുമായി ഉല്പന്ന വിപണനത്തിന് കേരള സംസ്ഥാന കയർ കോർപ്പറേഷൻ കരാറിൽ ഏർപ്പെട്ടുവാൻ സാധിച്ചത് ഈ രംഗത്ത് ഒരു നാഴികക്കല്ലാണ്. കൂടാതെ മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്ക് ഈ വർഷം ഉല്പന്നങ്ങൾ കയറ്റുമതി നടത്തുന്നതിനും സാധിച്ചു. |
| (ബി) | പ്രസ്തുത നടപടികളിലൂടെ കയർ ഉല്പന്നങ്ങളുടെ വിപണിയിൽ എത്ര ശതമാനത്തിന്റെ അധിക വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | പ്രസ്തുത നടപടികളിലൂടെ കയർ ഉല്പന്നങ്ങളുടെ വിപണിയിൽ 10% ത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ